# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.12.2025**

### പ്രധാനവാർത്തകൾ

1. തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം; ഇരുസഭകളും രണ്ടു മണി വരെ നിർത്തിവച്ചു.

2. നാവികസേന ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും.

3. തദ്ദേശ തിരഞ്ഞെടുപ്പിന് സംസ്ഥാനത്ത് 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ.

4. **SIR** ന്റെ ഭാഗമായി സംസ്ഥാനത്ത് 80 ശതമാനത്തിലധികം എന്യുമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

5. ശനിയാഴ്ച അന്തരിച്ച കൊയിലാണ്ടി എം.എൽ.എ കാനത്തിൽ ജമീലയുടെ സംസ്കാരം ഇന്ന്.

6. **FIH** - ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യ ഇന്ന് സ്വിറ്റ്സർലൻറിനെ നേരിടും.

*************************************************************

RNUTVPM

## ലോക്സഭ

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം; ഇരുസഭകളും രണ്ടു മണി വരെ നിർത്തിവച്ചു. രാവിലെ 11 ന് ലോക് സഭ സമ്മേളിച്ചപ്പോൾ, ജോർജിയൻ പാർലമെന്ററി സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർള സ്വാഗതം ചെയ്തു. പാർലമെന്ററി സംഘത്തിന്റെ ഇന്ത്യാ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന ആഴത്തിലുള്ള ബന്ധത്തിന്റെ പ്രതീകമാണെന്ന് ശ്രീ ബിർള പറഞ്ഞു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ചു. ബഹളത്തിനിടയിലും അംഗങ്ങൾ ഉന്നയിച്ച വിവിധ ചോദ്യങ്ങൾക്ക് മന്ത്രിമാർ മറുപടി നൽകി. 12 മണിക്ക് സഭ പുനരാരംഭിച്ചപ്പോഴും ബഹളം തുടർന്നതിനാൽ ലോക്സഭ 2 മണി വരെ നിർത്തി വച്ചു.

RNU TVPM

*******************************************************

## രാജ്യസഭ

രാജ്യസഭയിലും സമാനരംഗങ്ങൾ ആവർത്തിച്ചു. അംഗങ്ങളെ ശാന്തരാക്കാൻ രാജ്യസഭാ ചെയർമാൻ സി.പി.രാധാകൃഷ്ണൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷത്തെ അനുനയിപ്പിക്കാനായില്ല. തുടർന്ന് ആദ്യം 12 മണിവരെയും പിന്നീട് രണ്ടു മണിവരെയും രാജ്യസഭ നിർത്തിവച്ചു.

*******************************************************

## രാഷ്ട്രപതി - നാവിക സേന

നാവികസേന ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും. വൈകിട്ട് നാലിന് രാജ്യാന്തര വിമാനത്താവളത്തിലെ ടെക്നിക്കൽ ഏരിയയിൽ എത്തുന്ന

രാഷ്ട്രപതിയെ ഗവർണറും മുഖ്യമന്ത്രിയും നാവികസേനയുടെ മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിക്കും. തുടർന്ന് ശംഖുമുഖത്ത് നടക്കുന്ന നാവിക സേനയുടെ പ്രകടനങ്ങൾ ശ്രീമതി ദ്രൗപദി മുർമു വീക്ഷിക്കും. നാവിക സേന ഒരുക്കുന്ന ലഘു സൽക്കാരത്തിലും പങ്കെടുക്കും. നാളെ ലോക്ഭവനിൽ തങ്ങിയ ശേഷം മറ്റെന്നാൾ രാവിലെ രാഷ്ട്രപതി ഡൽഹിക്ക് തിരിക്കും.

**************************************************

## നാവിക ദിനാഘോഷം-നിയന്ത്രണം (ഇൻട്രോ)

ശംഖ്മുഖത്ത് നടക്കുന്ന നാവിക ദിനാഘോഷത്തോട് അനുബന്ധിച്ച് നാളെ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. നാളെ ഉച്ചയ്ക്ക് 12 മണി മുതലാണ് ഗതാഗത നിയന്ത്രണം.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്......**

(വോയിസ്)

**************************************************

## ചരക്ക് സേവന നികുതി

കേരളത്തിന്റെ ചരക്ക് സേവന നികുതി വരുമാനത്തിൽ എട്ടുശതമാനം വർധന. 2,963 കോടി രൂപയാണ് നവംബറിലെ വരുമാനം.

**************************************************

RNUTVPM

## ശബരിമല - ബുക്കിംഗ്

ശബരിമല ദർശനത്തിനായി വെർച്വൽ ക്യൂ ബുക്കു ചെയ്തവർ അന്നേദിവസമല്ലാതെ മറ്റൊരുദിവസം എത്തുന്നത് പ്രയാസം സൃഷ്ടിക്കുന്നതായി എഡിജിപി എസ്.ശ്രീജിത്ത്. അനുവദിച്ച തീയതി മാറുമ്പോൾ തിക്കും തിരക്കും കൂടുന്നു. ഇതു അനുവദിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

*******************************************************

## ശബരിമല തീർത്ഥാടകർ

ശബരിമല സന്നിധാനത്ത് ഇന്ന് രാവിലെ 11 മണിവരെയുള്ള കണക്കുപ്രകാരം 38,153 തീർഥാടകർ ദർശനം നടത്തി. സ്പോട്ട് ബുക്കിംഗിലൂടെ 5,190 പേരും വെർച്വൽ ക്യൂ വഴി 32,963 പേരുമാണ് ദർശനം നടത്തിയത്.

RNU TVPM

*******************************************************

## സർവീസ് സംഘടനകളുടെ യോഗം

സർക്കാർ ഓഫീസുകളുടെ പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ചാക്കുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുടെ യോഗം വിളിച്ച് സംസ്ഥാന സർക്കാർ. വെള്ളിയാഴ്ചയാണ് ചീഫ് സെക്രട്ടറി വിളിച്ച ഓൺലൈൻ യോഗം ചേരുന്നത്. പ്രവൃത്തിദിനം ആറിൽ നിന്ന് അഞ്ചാക്കണമെന്ന് ഭരണ പരിഷ്കാര കമ്മിഷനും ശമ്പള കമ്മിഷനും ശുപാർശ ചെയ്തിരുന്നു.

*******************************************************

## കാനത്തിൽ ജമീല - സംസ്കാരം

അന്തരിച്ച കൊയിലാണ്ടി എം.എൽ.എ കാനത്തിൽ ജമീലയുടെ സംസ്കാരം ഇന്ന്. സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിലും കൊയിലാണ്ടി

ടൗൺ ഹാളിലും മൃതദേഹം പൊതുദർശനത്തിന് വച്ചു. മന്ത്രിമാരായ എം.ബി രാജേഷ്, കെ.രാജൻ, ആർ.ബിന്ദു, എ.കെ.ശശീന്ദ്രൻ തുടങ്ങിയവർ അന്തിമോപചാരം അർപ്പിക്കാനെത്തി. വൈകീട്ട് കുനിയിൽക്കടവ് ജുമാ മസ്ജിദ് കബർസ്ഥാനിൽ കബറടക്കം നടക്കും.

*******************************************************

## എന്യൂമറേഷൻ ഫോമുകൾ

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്നതിനുള്ള ക്യാമ്പുകൾ ഇന്നും സജീവം. കേരളത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത എന്യുമറേഷൻ ഫോമുകളുടെ എണ്ണം രണ്ടു കോടി 29 ലക്ഷത്തി 80,000 കവിഞ്ഞു. വിതരണം ചെയ്ത മൊത്തം ഫോമുകളുടെ 82.52% ആണിത്. SIR രണ്ടാം ഘട്ടത്തിൽ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഇതുവരെ 50 കോടി 83 ലക്ഷത്തിലധികം എന്യുമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*******************************************************

## ബി.എൽ.ഒ മാരുടെ ഡ്യൂട്ടി

എസ്.ഐ.ആർ നടപടികളുടെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണത്തിൻറെയും ഡിജിറ്റൈസേഷൻറെയും സമയം ഈ മാസം 11 വരെ നീട്ടിയ സാഹചര്യത്തിൽ ബൂത്ത് ലവൽ ഓഫീസർമാർക്കുള്ള ഡ്യൂട്ടി ഓഫും അന്നുവരെ തുടരാൻ സർക്കാർ ഉത്തരവിറക്കി.

*******************************************************

RNU TVPM

## വോട്ടെണ്ണൽ കേന്ദ്രങ്ങൾ

തദ്ദേശ തിരഞ്ഞെടുപ്പിന് സംസ്ഥാനത്ത് 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപനതലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ. വോട്ടെടുപ്പിൻറെ തലേ ദിവസം പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതും വോട്ടെടുപ്പിന് ശേഷം അവ തിരികെ വാങ്ങി സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതും ഇതേ കേന്ദ്രങ്ങളിലാണ്.

*********************************************************

## കണ്ണൂർ - തിരഞ്ഞെടുപ്പ് (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള 92

തദ്ദേശ സ്ഥാപനങ്ങളിലെ 1,812 വാർഡുകളിലേക്കുള്ള വേട്ടെടുപ്പ് ഡിസംബർ 11 ന് നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ.ശശിധരൻ..........**

(വോയിസ്)

*********************************************************

## സ്ഥാനാർത്ഥികൾ

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 29,262 വനിതകളും 26,168 പുരുഷന്മാരും സ്ഥാനാർഥികളായി മത്സരരംഗത്തുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 3,583 വനിതകളും 3,525 പുരുഷൻമാരും മത്സരിക്കുന്നു. ജില്ലാ പഞ്ചായത്തിലേക്ക് 672 പുരുഷൻമാരും 602 സ്ത്രീകളുമാണ് സ്ഥാനാർത്ഥികൾ. മുനിസിപ്പാലിറ്റികളിൽ 5,221

RIJU TVPM

വനിതകളും 4,810 പുരുഷന്മാരുമുണ്ട്. കോർപ്പറേഷനുകളിൽ 941 സ്ത്രീകളും

859 പുരുഷന്മാരുമാണ് മത്സരിക്കുന്നത്.

**************************************************

## പത്തനംതിട്ട സ്ഥാനാർത്ഥികൾ (ഇൻട്രോ)

അധ്യാപകരും ശിഷ്യനും മൂന്നു പ്രധാന മുന്നണികളുടെ സ്ഥാനാർഥികളായി ഒരേ വാർഡിൽ ജനവിധി തേടുന്ന കൗതുകം കൂടിയാണ് പത്തനംതിട്ട ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലുള്ളത്. ഇടതു വലതു സ്ഥാനാർഥികൾ അധ്യാപകരും എൻ.ഡി.എ സ്ഥാനാർഥി ഇരുവരുടെയും ശിഷ്യനുമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ....**

**(വോയിസ്)**

RNU TVPM

**************************************************

## തിരഞ്ഞെടുപ്പ്- അധ്യക്ഷ പദവി

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷ പദവികൾ വഹിക്കുന്നത് ആരെന്നത് സംബന്ധിച്ച് മനസ്സിലാക്കാം. ഗ്രാമപഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധ്യക്ഷൻ - ഉപാധ്യക്ഷൻ എന്നീ പദവികൾ വഹിക്കുന്നത് പ്രസിഡന്റും വൈസ് പ്രസിഡന്റുമാണ്. എന്നാൽ മുൻസിപ്പാലിറ്റിയുടെ അധ്യക്ഷൻ ചെയർമാനും, ഉപാധ്യക്ഷൻ വൈസ് ചെയർമാനും ആയിരിക്കും. അതേസമയം

മുൻസിപ്പൽ കോർപ്പറേഷന്റെ അധ്യക്ഷൻ മേയറും ഉപാധ്യക്ഷൻ ഡെപ്യൂട്ടി മേയറും ആണ്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതുഭരണ നിർവഹണം നടത്തുന്നത് വിവിധ സ്റ്റാൻഡിങ് കമ്മിറ്റികളുടെ നേതൃത്വത്തിലാണ്.

*****************************************************

## ജൂനിയർ ഹോക്കി

FIH - ജൂനിയർ ഹോക്കി ലോകകപ്പിൽ വിജയക്കുതിപ്പ് തുടരാൻ ഇന്ത്യ. ഗ്രൂപ്പ് -ബി യിൽ ഇന്ന് നടക്കുന്ന അവസാന മത്സരത്തിൽ സ്വിറ്റ്സർലഡാണ് ഇന്ത്യയുടെ എതിരാളികൾ. ആദ്യ മത്സരത്തിൽ ചിലിയെ

7-0 ത്തിന് തോൽപിച്ച ഇന്ത്യ രണ്ടാം മത്സരത്തിൽ ഒമാനെ പരാജയപ്പെടുത്തിയിരുന്നു.

*****************************************************

## ക്രിക്കറ്റ്

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ റായ്പ്പൂരിൽ. റാഞ്ചിയിൽ നടന്ന ആദ്യ കളിയിൽ ദക്ഷിണാഫ്രിക്കയെ 17 റൺസിന് പരാജയപ്പെടുത്തിയതിൻറെ ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

*****************************************************

## ഓഹരി - സ്വർണം

ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 389 പോയിൻറ് താഴ്ന്ന് 85,253 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 117 പോയിൻറ് ഇടിഞ്ഞ് 26,058 ലും വ്യാപാരം തുടരുന്നു.

RNU TVPM

സ്വർണ വില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 95,480 രൂപയും ഗ്രാമിന് 11,935 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM